# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1569 03.05.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## എഞ്ചിനീയറിംഗ് വിദ്യാർത്ഥി ഷെഹിൻ മരിച്ച സംഭവത്തിന്മേലുള്ള ക്രൈംബ്രാഞ്ച് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) തൃശ്ശൂർ കുന്നംകുളം അക്കിക്കാവ് റോയൽ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി ഷെഹിൻ, പോലീസ് ഭയപ്പെടുത്തി ഓടിച്ചതിനെ തുടർന്ന് കിണറ്റിൽ വീണ് മരിച്ച സംഭവത്തിന്മേലുള്ള ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ; | (എ) ഇത് സംബന്ധിച്ച് കേസിന്റെ അന്വേഷണം തൃശ്ശൂർ റൂറൽ ജില്ലാ ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തി വരുകയാണ്. |
| (ബി) സംഭവസ്ഥലത്തേക്ക് പോലീസിനെ വിളിച്ചുവരുത്തി വിദ്യാർത്ഥികളെ പോലീസിനെ ഉപയോഗിച്ച് അകാരണമായി മർദ്ദിക്കാൻ കോളേജ് അധികാരികൾ ശ്രമിച്ചതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇതിന് ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥന്റെ പേരും ഇയാൾക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശവും അറിയിക്കുമോ; | (സി) ഇക്കാര്യത്തിൽ പോലീസിന് വീഴ്ച പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) കുറ്റക്കാരായ കോളേജ് അധികാരികൾക്കും പോലീസ് ഉദ്യോഗസ്ഥർക്കും എതിരെ കർശനവും മാതൃകാപരവുമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; എങ്കിൽ അവയെന്തെന്ന് അറിയിക്കുമോ; | (ഡി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ കോളേജ് അധികാരികളോ പോലീസ് ഉദ്യോഗസ്ഥരോ ഇത് സംബന്ധിച്ച് കുറ്റകൃത്യം ചെയ്തതായി വെളിവായിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഷഹീന്റെ കുടുംബത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ആ കുടുംബത്തിന് അർഹമായ നീതി ലഭ്യമാക്കുന്നതിനും സമയബന്ധിതമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; | (ഇ) | അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ? | (എഫ്) | ഇത്തരം സന്ദർഭങ്ങളെ പരാതികളില്ലാത്ത വിധം ജാഗ്രതയോടെയും കാര്യക്ഷമതയോടെയും നേരിടാൻ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.